# “കേരള ‘ധനകാര്യ-മോഡൽ’ സത്യാഗ്രഹികൾക്ക് : സിറ്റിസൺ റെസ്പോൺസുകൾ”

**ഡോ. ജോസഫ് ഏബ്രഹാം**

12.01.2026-ൽ കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേരള സർക്കാർ തിരുവനന്തപുരത്ത് സത്യാഗ്രഹം നടത്തിയിരുന്നു. സംസ്ഥാനം നേരിടുന്ന ധനകാര്യ പ്രതിസന്ധിയുടെ വിശദാംശങ്ങൾ ജനങ്ങളെ നേരിട്ടറിയിക്കുവാനാ യിരുന്നു ലക്ഷ്യമിട്ടത്. ഈ സർക്കാർ നേരിടുന്ന ധനകാര്യ പ്രതിസന്ധിയുടെ ആക്കവും, കാര്യവിചാരവും മാദ്ധ്യമ മുമ്പാകെ വിശദീകരിക്കപ്പെട്ടു. കേന്ദ്ര സർക്കാർ കേരളത്തെ സാമ്പത്തികമായി വരിഞ്ഞുമുറുക്കി ഞെരിക്കുകയാ ണെനന്ന് മുഖ്യമന്ത്രിയും ധനമന്ത്രിയും മറ്റ് സഹമന്ത്രിമാരും ചേർന്ന് ആരോ പണങ്ങൾ ഉന്നയിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തെ പ്രതിപക്ഷം, സർക്കാരിന്റെ ഈ നീക്കത്തെ രാഷ്ട്രീയ പ്രേരിതവും, ഉടനെ നടക്കുവാൻ പോകുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കുവാനുമുള്ള വോട്ടർമാരെ സ്വാധീനിക്കാനുള്ള നീക്കമായി മുദ്ര ചാർത്തി പരിഹസിച്ച് തള്ളി. പക്ഷേ കേരളത്തിലെ പൊതുജനം സർക്കാർ ഉന്നയിച്ച ധന പ്രതിസ ന്ധികൾ, ആരോപണങ്ങൾ, സമീപനങ്ങളെ ഗൗരവതരമായി കണക്കിലെടു ത്തിട്ടുണ്ട്. കേരളത്തിലെ സാധാരണക്കാരായ പൗരന്മാർ എപ്രകാരമാണ് സർക്കാരിന്റെ ധനകാര്യ സത്യാഗ്രഹ സന്ദേശങ്ങളെ മനസ്സിലാക്കുക? അവർക്ക് എന്ത് വിശദീകരണങ്ങളാണ് നൽകേണ്ടത്? സത്യാഗ്രഹ സമരക്കാർ സിറ്റിസൺസ് റെസ്പോൺസുകൾക്ക് മറുപടി നൽകേണ്ടതല്ലേ?

**<u>വിമർശന ശരങ്ങൾ</u>**

സർക്കാർ ഉയർത്തിയ വിമർശനങ്ങൾ പത്ര മാദ്ധ്യമങ്ങൾ പ്രത്യേക ശ്രദ്ധ നൽകി പ്രസിദ്ധീകരിച്ചു:

(i) സംസ്ഥാനത്തിന്റെ ഭരണഘടനാപരമായ അവകാശത്തെ നിഷേധിക്ക പ്പെട്ടിരിക്കുന്നു;

(ii) അർഹതപ്പെട്ട ഗ്രാന്റുകൾ അകാരണമായി തടയപ്പെടുന്നു, പരിമിതപ്പെ ടുത്തുന്നു;

(iii) വായ്പ ലഭ്യതയെ നിയന്ത്രിക്കപ്പെടുന്നു;

(iv) രാഷ്ട്രീയപരമായിട്ടുള്ള ഭരണവിവേചനം നേരിടുന്നു;

(v) ധനലഭ്യത പൊതുവെ കുറവാക്കിയിരിക്കുന്നു.

ഈ വിമർശനങ്ങൾ അഞ്ച് മുഖ്യ വിഷയങ്ങളെ (ഭരണഘടന, ധന കാര്യ കമ്മീഷൻ, എഫ്.ആർ.എം.ബി. ആക്ട്, സംസ്ഥാന ബജറ്റ്, സി.എസ്. എസ്. ഗ്രാന്റുകൾ) കേന്ദ്രീകരിച്ചാണ് രൂപം പ്രാപിച്ചിരിക്കുന്നത്.

**<u>മുഖ്യ പ്രതിസന്ധികൾ</u>**

നിലവിലെ രാജ്യത്തെ ഫെഡറൽ ഭരണ സംവിധാനത്തിന്റെ സംഭാവന യും, പ്രതിഫലനവുമായി കാണേണ്ടവകളാണിവ:-

(1) ഭരണഘടനാപരമായ വായ്പാ അധികാരങ്ങൾ നിയമ പരിമിതി കൾക്കുള്ളിൽ നിലനിർത്തിയിരിക്കുന്നു;
(2) ധനകാര്യ കമ്മീഷൻ നിർദ്ദേശിക്കുന്ന വിഭവ പങ്കിടീൽ മാനദ ണ്ഡങ്ങൾ, ഇതര വിവേചന അധികാരങ്ങൾ, ധന കൈമാറ്റങ്ങൾ, ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു.
(3) FRBM ആക്ട് പ്രകാരമുള്ള നിബന്ധനകൾ, നെറ്റ് വായ്പാ സീലിംഗ് റേറ്റുകൾ (NBC), എന്നിവ മുഖേന വലിയ നിയന്ത്രണം ഏർപ്പെടുത്തി യിരിക്കുന്നു.
(4) സംസ്ഥാന ബജറ്റിനെ മറികടന്നുള്ള വായ്പയെടുക്കൽ, ബാദ്ധ്യത കൾ, മറ്റ് പൊതുവെ മറയ്ക്കപ്പെട്ടുവച്ചിരുന്ന വായ്പാ തിരിച്ചടവ് കുമിഞ്ഞു കൂടലുകൾ;
(5) അന്തർ സംസ്ഥാന ഏകീകരണ, പാരസ്പര്യങ്ങളുടെ പ്രായോഗികത കൾ.

ഇവയിൽ കേരളത്തിന് ബാധകമായ സ്ഥിതിഗതികൾ, വിശദാംശങ്ങൾ പൊതുസമൂഹം അറിയാനാഗ്രഹിക്കുന്നവയെ, വളരെ ഹ്രസ്വമായി സൂചിപ്പി ക്കാം.

**I. ഭരണഘടനാ നിഷേധം:** വായ്പാ സംബന്ധമായി ഭരണഘടന നൽകുന്ന അവകാശങ്ങൾ, പരിമിതികൾ, ആർട്ടിക്കിൾ 293(3), വിശദമാക്കുന്നു. ഇതിൽ പ്രകാരം നിലവിൽ സംസ്ഥാനത്തിന് തിരിച്ചടവ് നിലനിൽക്കുന്ന-തുടരുന്ന വായ്പകൾ, ഇതര ഗ്രാന്റുകൾ എന്നിവ തുടരുന്ന സാഹചര്യങ്ങളിൽ, പുതിയ വായ്പകൾ ലഭ്യമാക്കാൻ കേന്ദ്രഗവൺമെന്റിന്റെ മുൻകൂർ അംഗീകാരം ലഭി ക്കേണ്ടതുണ്ട്. (i) ഈ നിയമം ദശാബ്ദങ്ങളായി നിലവിലുണ്ട്; (ii) ഇത് എല്ലാ സംസ്ഥാനങ്ങൾക്കും ഒരുപോലെ ബാധകമാണ്; (iii) ഈ നിയമം, എല്ലാകാലത്തും കോടതികൾ ശരിവച്ചാണ് തുടരുന്നത്; (iv) എന്നാൽ ഈ വകുപ്പിനെതിരെ കേരളം സുപ്രീംകോടതിയിൽ നല്കിയിരിക്കുന്ന കേസ്, ഇതിന്റെ വിശദീകരണത്തെ-സ്വഭാവത്തെ അടിസ്ഥാനപ്പെടുത്തിയാണ്, ഇതിന്റെ നിലനിൽപിനെ ഖണ്ഡിക്കുന്നതല്ല. മേൽ പരിഗണനകളാൽ ഈയി നത്തിൽ മുഖ്യമന്ത്രിയുടെ അവകാശവാദം, ''ഭരണഘടനപര അവകാശം ലംഘിക്കുന്നു'', എന്നത് നിലനില്ക്കില്ല. നേരേമറിച്ച് ഏതൊക്കെ ഇന ങ്ങൾ/കേസുകളിലാണ് ഭരണഘടന ലംഘനം സംഭവിച്ചിരിക്കുകയെന്നത് ജനങ്ങളോട് വിശദീകരിക്കേണ്ടതല്ലേ, ജനത്തെ തെറ്റിദ്ധരിപ്പിക്കാതിരുന്നാൽ മതി.

**രാഷ്ട്രീയ വിവേചനം**

കേന്ദ്രം ഭരിക്കുന്ന പാർട്ടി ബി.ജെ.പി.യുടെ നേതൃത്വത്തിൽ ഭരണമുള്ള സംസ്ഥാനങ്ങളിൽ മേൽ നിബന്ധനകൾ നിഷ്കർഷിക്കാതെ വലിയ തോതിൽ വായ്പകൾ ലഭ്യമാക്കുന്നു. ഈ ആരോപണം നിലനില്ക്കുമോ? ആയതിന് വ്യക്തമായ തെളിവുകൾ നിരത്തിയിട്ടില്ല. നേരേമറിച്ച് മറ്റ് പ്രതി പക്ഷ പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിലും ഇപ്രകാരമുള്ള നിബന്ധന കൾ കേന്ദ്രം ഏർപ്പാടാക്കിയിട്ടുമുണ്ട്.

**II. ഗ്രാന്റുകൾ പരിമിതപ്പെടുത്തൽ:** കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള പണലഭ്യതയെ ക്രമം വിട്ട് പരിമിതപ്പെടുത്തുന്ന പ്രക്രിയ തുടരുകയെന്ന ആരോപണം ഭാഗികമായി നിലനിൽക്കുന്നു. കേന്ദ്രാവിഷ്കൃത സ്കീമുകൾ (സി.എസ്.എസ്.) മുഖേന ലഭ്യമാക്കേണ്ടിയിരുന്ന Rs.5,784 കോടി, കുടിശിഖ സെപ്റ്റംബർ 2025 വരെ കുമിഞ്ഞുകൂടിയത്, തീർച്ചയായും സ്വീകാര്യമല്ല. ഇത് സാധാരണക്കായ പദ്ധതി ഗുണഭോക്താക്കളുടെ പണ ലഭ്യത, വരുമാനം, ധനസഹായം, തൊഴിൽ, അതിജീവനം, എന്നിവയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എന്നാൽ, ഇതിന് ആരാണ് ഉത്തരവാദി? വിശദാംശങ്ങൾ പരിശോധിച്ചാൽ മനസിലാകും സ്കീം നടത്തിപ്പ് സ്ഥിതിഗതികൾ. സംസ്ഥാനത്തെ പദ്ധതി നടത്തിപ്പ് പരാജയങ്ങൾ തന്നെ മുഖ്യ പ്രതി. സമയബന്ധിതമായി ഉപയോഗ സർട്ടിഫിക്കറ്റുകൾ നല്കാതിരിക്കൽ, പ്രധാന നിബന്ധനകൾ പാലിക്കാതിരിക്കൽ, ഫണ്ട് വകമാറ്റി ഉപയോഗിക്കൽ, എന്നിവ വലിയ തടസ്സങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. ഇത്ര വലിയ തുക സമയ ബന്ധിതമായി ലഭ്യമാകാതെ കുടിശിഖ ആയി മാറിയതിന്റെ കാര്യകാരണങ്ങൾ സ്കീം പ്രകാരം സർക്കാർ വിശദീകരിക്കേണ്ടതുണ്ട്.

**III. വായ്പാലഭ്യതകളെ പരിമിതപ്പെടുന്നു:** സംസ്ഥാന സർക്കാരിന് കടം വാങ്ങാനാവുന്ന സാദ്ധ്യതകളെ പരിമിതപ്പെടുത്തി വികസന മുന്നേറ്റത്തിന് കേന്ദ്ര ഗവൺമെന്റ് തടയിടുന്നു എന്ന ആരോപണം നിലനില്ക്കുമോ? 2024 –25 മുതൽ, മുൻകാലങ്ങളിലെ ബജറ്റിന് പുറമേ ഏർപ്പാടാക്കിയ വായ്പകളുടെ ബാദ്ധ്യതകൾ അധികമായി ഉൾപ്പെടുത്തി വായ്പാ ലഭ്യതയെ, തിട്ടപ്പെടുത്തുന്ന സമീപനം, വലിയതോതിൽ സംസ്ഥാനത്തിന്റെ ടി വായ്പകൾ ഉപയോഗിച്ച് നടപ്പിലാക്കാമായിരുന്ന പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തിയിരിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ഭാഷ്യം ഇത് ''റൂൾ-ബേയ്സഡ്'' തെറ്റ് തിരുത്തൽ മാത്രമെന്നാണ്. മുൻകാലങ്ങളിൽ ഏറ്റെടുത്ത വിപുലമായ വായ്പാ ബേയ്സഡ് വികസനം വേണ്ടത്ര ധനനേട്ടം, തൊഴിൽ, അടിസ്ഥാന സൗകര്യ മികവുകൾ എന്നിവ ഏർപ്പാടാക്കുന്നതിൽ ലക്ഷ്യം കണ്ടിട്ടില്ല. പരാജയപ്പെട്ടു, മാത്രമല്ല ടി വായ്പകളുടെ തിരിച്ചടവുകൾ വഴിമുട്ടി കുമിഞ്ഞുകൂടുന്ന സാഹചര്യം സാധാരണക്കാരന്റെ ജീവിതം, വിലക്കയറ്റം, അഴിമതി, ഭരണ കെടുകാര്യസ്ഥത, തൊഴിലില്ലായ്മ എന്നിവ കാരണം അതിജീവനം ദുഷ്കരമാക്കിയിരിക്കുന്നു. സംസ്ഥാനം കടക്കെണിയിലാണ്ടിരിക്കുന്നു. ഈ സാഹചര്യങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുവാൻ കേന്ദ്ര ഗവൺമെന്റിന്റെ മേൽനോട്ടവും, നിയന്ത്രണവും അനിവാര്യം തന്നെയല്ലേ?

**IV. ഓഫ് ബജറ്റ് വായ്പകളുടെ വ്യാപ്തി:** സംസ്ഥാനത്തിന്റെ ധനകാര്യ ഞെരുക്കത്തിന്റെ മുഖ്യ ഹേതു, ''ഓഫ് ബജറ്റ്'' വായ്പകളുടെ വ്യാപ്തി തന്നെയാണ്. ഇവയുടെ തിരിച്ചടവിന് സംസ്ഥാന ഗവൺമെന്റ് ഗ്യാരന്റി നല്കിയിട്ടുണ്ട്. പക്ഷെ ഇവയെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്താതെ പണം ചിലവാക്കി മുന്നേറുന്ന നയം തിരുത്തണമെന്ന് സി.എ.ജി.യുടെ നിർദ്ദേശങ്ങൾ. സർക്കാർ പാലിക്കുന്നുണ്ടോ എന്ന് ജനമറിയേണ്ടതല്ലേ?

**(i) ഒന്നാം എൽ.ഡി.എഫ്. സർക്കാർ (2016–21)**

ഈ കാലഘട്ടത്തിൽ സംസ്ഥാന സർക്കാർ ഏറ്റെടുത്ത അധിക ഓഫ് ബജറ്റ് വായ്പകൾ Rs.30,000 കോടി വരും; കി.ഫ്.ബി.യ്ക്കായി (KIFFB)- Rs.18,000 കോടി, പെൻഷൻ സ്പെഷ്യൽ പർപ്പസ് ഇനത്തിൽ Rs.6000 കോടി; ഇതര ഗ്രാന്റുകൾ Rs.6000 കോടി എന്നിങ്ങനെ.

**(ii) രണ്ടാം എൽ.ഡി.എഫ്. സർക്കാർ (2021–25)**

ഈ തുടർ ഭരണ കാലഘട്ടത്തിലെ ഓഫ് ബജറ്റ് അധിക വായ്പകൾ 28,500 കോടിയായി തിട്ടപ്പെടുത്തിയിരിക്കുന്നു. ഈ വർഷാവസാനത്തോടെ മൊത്തം ഓഫ് ബജറ്റ് വായ്പകൾ Rs.30,000 കോടി കവിയുമോയെന്ന് കാത്തിരിയ്ക്കാം.

(iii) മേൽപ്രകാരം ആകെ Rs.60,000 കോടി ഓഫ് ബജറ്റ് വായ്പകൾ എന്ത് സുസ്ഥിര വികസനമാണ് നാടിന് സംഭാവന നല്കിയതെന്ന് വിശദമാക്കേണ്ടതുണ്ട്, ഒരു ധവളപത്രം പുറപ്പെടുവിക്കുമോ?

(iv) ഇതെ കാലഘട്ടത്തിൽ റവന്യു വരുമാന വിടവ് (ഡെഫിസിറ്റ്) ക്രമാതീതമായി വർദ്ധിച്ചതിന്റെ വ്യാപ്തി, കാരണങ്ങൾ, പരിണത ഫലങ്ങൾ എന്നിവ സർക്കാർ വിശദമായി വിലയിരുത്തി ജനത്തെ ബോദ്ധ്യപ്പെടുത്തേണ്ടതല്ലെ? എവിടെയാണ് വരുമാനം കുറഞ്ഞത്. ഇതിന് ആരാണ് ഉത്തരവാദി?

(v) ക്യാപിറ്റൽ-അടിസ്ഥാന സൗകര്യ വികസന ചെലവുകളെ, മറ്റ് ഇതര ശമ്പളം, പെൻഷൻ, പലിശ ഇനങ്ങൾ എന്നിവ ക്രമാതീതമായി വർദ്ധിച്ച് പൊതുവിൽ ചുരുക്കി-ഞെരുക്കുന്നത് തുടരുകയല്ലെ? നിജസ്ഥിതി ജനങ്ങളെ അറിയിക്കണ്ടേ?.

(vi) കേന്ദ്ര ഗവൺമെന്റിന്റെ അടിയന്തര ഇടപെടലുകൾ, വൈകി ലഭിച്ച വിവേകമാണെങ്കിലും, മുൻകാലങ്ങളിൽ ആരംഭിച്ച് പാളം തെറ്റി നടത്തിയ ഓട്ടത്തിന് കടിഞ്ഞാണിട്ടിരിക്കുന്നത് കേരള ജനതയ്ക്ക് സഹായകമായി. കേന്ദ്ര ഇടപെടൽ നിയമനാസൃണം അല്ലാത്തവകൾ ഇവയിൽ ഏവ?

**V. ധനമന്ത്രിയുടെ ശരിയുക്തിയും അപൂർണ്ണതയും**

കേരള ധനമന്ത്രി കേ ന്ദ്രത്തിന് നല്കിയ സബ്മിഷൻ മൂന്ന് (3) പ്രശ്നങ്ങളെ വിശദമാക്കിയിരുന്നു: (i) സമ്പദ്ഘടനയിൽ ലിക്വിസിറ്റി, ഞെരുക്കം വിപുലമായി അനുഭവപ്പെടുന്നു; (ii) ക്ഷേമ പ്രവർത്തനങ്ങളുടെ നിർവ്വഹണത്തെ ഇത് അപകടത്തിലാക്കിയിരുന്നു; (iii) ക്രമം തെറ്റിയ സാമ്പത്തിക കംപ്രഷൻ നിലനിൽക്കുന്നു; മേൽപ്പറഞ്ഞവ ശരിയായ വിലയിരുത്തലാണ് ജനം സമ്മതിയ്ക്കും.

പക്ഷെ, ധനമന്ത്രി വേണ്ടത്ര പരിഗണന നല്കാത്ത ഇതര മൂന്നിനങ്ങൾ(3) സുപ്രധാനം തന്നെ:- (i) നിയമസഭ പാസ്സാക്കുന്ന ബജറ്റിന് പുറമെ വലിയ തോതിൽ വായ്പയെടുക്കുന്നത് തുടരൽ? (ii) വായ്പകൾ ഉപയോഗിക്കു

മ്പോൾ ആസ്തി-സുസ്ഥിര അടിസ്ഥാന സൗകര്യവികസനം ചുരുക്കപ്പെടുന്നത്, അവഗണിയ്ക്കപ്പെടുന്നത് തുടരുമോ? (iii) കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കാവുന്ന ഗ്രാന്റായിട്ടുള്ള ധനസഹായങ്ങളെ വലിയതോതിൽ ആശ്രയിക്കുന്ന അപ്രായോഗിക സമീപനം സംസ്ഥാന ബജറ്റുകളിൽ തുടരെ ആവർത്തിയ്ക്കപ്പെടുന്നത്. ഇതിൽ സർക്കാരിന്റെ വിലയിരുത്തൽ, അനുബന്ധ നയസമീപനം വിശദമാക്കണം.

നമ്മുടെ ധന മന്ത്രി രോഗം നിശ്ചയിക്കുന്നതിൽ വിജയം നേടുന്ന പ്രഗദ്ഭനാണ്, പക്ഷെ രോഗത്തിന്റെ കാര്യ-കാരണങ്ങൾ കണ്ടെത്തി ചികിത്സ നല്കുന്നതിൽ പ്രാഗല്ഭ്യം കൈവിട്ടുപോകുന്നുവോ?

**<u>VI. ധനപരമായി ശ്വാസം മുട്ടിക്കുന്നുവോ?</u>**

(i) കേരള മുഖ്യ-ധനമന്ത്രി ആക്ഷേപിക്കുന്നതുപോലെ കേരളത്തെ കേന്ദ്രം ശ്വാസം മുട്ടിച്ച് വശം കെടുത്തുകയാണോ? ഒറ്റവാക്കിൽ ഉത്തരം ഇല്ല/അല്ല എന്നാണ്. എപ്രകാരമാണ് കേന്ദ്രം കേരളത്തെ ശ്വാസം മുട്ടിക്കുന്നത് എന്നതിന്റെ വിശദാംശങ്ങൾ സംസ്ഥാന സർക്കാർവിശദമാക്കേണ്ടതുണ്ട്.

**(ii) <u>ധനകാര്യ സമീകരണം</u>**

നിലവിലെ കേരള സമ്പത്ത് ഘടന ഒരു 'ധനകാര്യ സമീകരണ' കാലഘട്ടത്തിലൂടെയാണ് നിർബന്ധിതമായി കടന്നുപോകുന്നത്. ഈ പുതിയ സ്ഥിതിവിശേഷം കടന്നുവരുന്നത്, തുടരെ തുടർന്നു പോന്ന വലിയതോതിലുള്ള വഴിവിട്ട വായ്പ ലഭ്യമാക്കലുകൾക്ക് ശേഷമായി എന്നതാണ് നിലവിലെ പ്രധാന വിശേഷം. ധനമന്ത്രിയുടെ ബജറ്റ് 2026-27 തയ്യാറാക്കുമ്പോൾ 'ധനസമീകരണ നയം' സ്വീകരിക്കുമെന്ന് കരുതാം.

**<u>VII. കേന്ദ്രം നിലവിൽ ഇടപെടാത്തവ</u>**

(i) ധനകാര്യമിഷന്റെ ധനകാര്യ അധികാര വിഭജനത്തിൽ, ശുപാർശകളിൽ;

(ii) നിയമാനുസൃതമായിട്ടുള്ള ഗ്രാന്റുകൾ നിർത്തലാക്കൽ.

(iii) പ്രത്യേകം തിരഞ്ഞു പിടിച്ച് കേരളത്തെ ശിക്ഷിക്കുന്ന നടപടികൾ.

**<u>VIII. കേന്ദ്രം നടപ്പിലാക്കുന്നവ</u>**

(i) എഫ്.ആർ.ബി.എം. ആക്റ്റ് നിബന്ധനകൾ നടപ്പിലാക്കൽ

(ii) ഓഫ് ബജറ്റ് വായ്പകൾ, എസ്.പി.യു വായ്പകൾ, ഇതര ഗ്രാന്റുകളെ നിയന്ത്രിക്കൽ

(iii) നിർബാധം വായ്പയെടുത്ത് കടഭാരം, കടക്കെണി, എന്നിവ വിപുലമാക്കി ജനത്തിന്റെ അതിജീവനം ദുസഹമാക്കാതിരിയ്ക്കൽ.

**IX. സാധാരണക്കാരന്-ജനത്തിന് എന്ത്?**

**ആരോപണം-നിജസ്ഥിതി-നിർദ്ദേശങ്ങൾ വിശദമാക്കാം**

| **അുഖ്യമന്ത്രി ഉന്ന യിച്ച ആരോപണ ങ്ങൾ/ അപാകതകൾ** | **സാധാരണക്കാരൻ മനസ്സിലാക്കുന്നവ** | **സർക്കാരിൽ നിന്ന് ജനം പ്രതീക്ഷിക്കുന്ന തുടർ നടപടി** |
|---|---|---|
| ഭരണഘടന അവകാശങ്ങളെ നിക്ഷേധിക്കുന്നു | നിയമപ്രകാരം നടക്കുന്നതായി തെളിവില്ല | സംസ്ഥാന ആർട്ടിക്കിൾ 293 അനുസരിക്കുക |
| വായ്പ ലഭ്യതയെ ഏകപക്ഷീയമായി നിരസിക്കൽ | ശരിയല്ല, നടപടിക്രമ പരി പാലന പരാജയമുണ്ട് | നിബന്ധനകൾ അനുസരി ക്കുക, മികച്ച ഉപയോഗം ഉറപ്പാക്കപ്പെടട്ടെ |
| വരുമാന ലഭ്യത (ലിക്വിഡിറ്റി) തകർച്ച | സാധാരണക്കാരന്റെ ഉപജീവനം തുടരെ ഞെരുക്കത്തിലാണ് | സർക്കാർ നടത്തിപ്പ്, പാഴ് ചെലവുകൾ കുറയ്ക്കുക |
| രാഷ്ട്രീയമായിട്ടുള്ള എതിർപ്പ്/വിവേചനം | സാദ്ധ്യതയുണ്ട് തെളിവുകൾ പരിമിതം, വ്യക്തത ലഭ്യമാക്കപ്പെടണം | ഭരണ മികവ് കാഴ്ച വയ്ക്കാം, പ്രതിഷേധത്തിന് പരിധി വയ്ക്കാം. |

**X. സ്വതന്ത്ര നേട്ട-കോട്ട പഠനം**

വലിയതോതിൽ വായ്പയെടുത്ത് Rs. 58500 കോടി ഓഫ് ബജറ്റ് വിക സനം നടത്തുമ്പോൾ ആയതിന്റെ ഇംഫാക്റ്റ് വിലയിരുത്തി തുടർ നടപടി സ്വീകരിക്കേണ്ടതല്ലേ? സി.എ.ജി.യുടെ കണ്ടെത്തലുകൾക്ക് എന്ത് പ്രശ്ന പരിഹാരമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്? കിഫ്ബി യുടെ ഭാഗമായി ട്ടുള്ള പ്രവർത്തനങ്ങളുടെ തുടർ വിലയിരുത്തൽ റിപ്പോർട്ടുകൾ ലഭ്യമാക്കേ ണ്ടതല്ലേ? ആയതിന് സുസജ്ജമായ സംവിധാനം നിലവിൽ ലഭ്യമല്ല.

**XI. തെരഞ്ഞെടുപ്പും വോട്ടറും**

ഏതാനും ആഴ്ചകൾക്കുള്ളിൽ കേരള അസംബ്ലി ഇലക്ഷൻ 2026 നട ക്കേണ്ടിയിരിക്കുന്നു. വോട്ടറുടെ കാഴ്ചപ്പാട് ഫെഡറൽ മൂല്യങ്ങളെ അംഗീക രിക്കുകയെന്നതോടൊപ്പം ഭരിക്കുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളെ നിഷ്പ ക്ഷമായി വിലയിരുത്തി സമ്മതിദാന അവകാശം നിർവ്വഹിക്കുകയെന്നാണ്. ജനങ്ങൾക്ക് ശരിയായ അറിവ് നല്കിവേണം സ്വാധീനിക്കാൻ, അവരെ തെറ്റി ദ്ധരിപ്പിക്കാതിരിക്കാം.

കേരളത്തിന്റെ മുന്നോട്ടുള്ള വഴി കേന്ദ്രത്തോട് കടുത്ത രാഷ്ട്രീയ എതിർപ്പ് എന്നതിനെക്കാൾ ഉചിതം പ്രായോഗികമായി തുറന്ന ധനകാര്യ സമീപനമാണ്. നയപരമായ മുന്നേറ്റവും ഭരണ നടത്തിപ്പ് മികവും വോട്ട് നല്കും. തെറ്റായ, അപൂർണ്ണ പ്രചാരവേലകൾ ജനം തിരസ്കരിയ്ക്കും.

**XII. സിറ്റിസൺസ് റെസ്പോൺസ് :** സർക്കാരിന്റെ വികസന ക്ഷേമ പഠനപ രിപാടി 2025-ന്റെ ഭാഗമായി ജനുവരി 2026 മുതൽ നിയോഗിക്കപ്പെട്ടിരിക്കുന്ന സന്നദ്ധ പ്രവർത്തകർക്ക് ഇവിടെ പ്രതിപാദിയ്ക്കപ്പെട്ട സാധാരണക്കാരന്റെ ന്യായമായ സംശയങ്ങൾ, ആശങ്കകൾക്ക് മറുപടി തയ്യാറാക്കി നൽകി അവരെയെങ്കിലും സുശക്തരാക്കാൻ സർക്കാരിന് കഴിയുമെന്ന് ആശിക്കാം.

*********